Madhyamam 24.12.17

# ഡോ. ആർ. ചന്ദ്രബാബു കാർഷിക സർവകലാശാല വി.സി

**തിരുവനന്തപുരം:** കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറായി ഡോ. ആർ. ചന്ദ്രബാബുവിനെ നിയമിച്ചു. ശനിയാഴ്ച വൈകീട്ടോടെയാണ് ഇതു സംബന്ധിച്ച ഉത്തരവിൽ ഗവർണർ ഒപ്പിട്ടത്. കോയമ്പത്തൂർ തമിഴ്നാട് അഗ്രികൾച്ചറൽ യൂനിവേഴ്സിറ്റി ഡയറക്ടറാണ് ഇദ്ദേഹം. അഞ്ചു വർഷത്തേക്കാണ് നിയമനം. ഉത്തരവിൽ ഒപ്പിട്ട ഗവർണർ ടിറ്ററിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. എന്നാൽ, സർക്കാർ ഇതുവരെ ഇതു സംബന്ധിച്ച വാർത്തക്കുറിപ്പ് ഇറക്കിയിട്ടില്ല. ധിറുതിപിടിച്ച നീക്കം ഇതിനു പിന്നിലുണ്ടെന്നാണ് സൂചന. അവധി ആയതിനാൽ ശനിയാഴ്ച വൈകീട്ട് ഗവർണറെ സമീപിച്ച് ഉത്തരവിറക്കുകയായിരുന്നു.